"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതിവികസനവകുപ്പ്-മലപ്പുറം ജില്ലയിലെ അരീക്കോട് ബ്ലോക്കിൽ പുൽപ്പറ്റ കണ്ണിപറമ്പ് കോളനി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി 58 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിനു ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.675/2024/SCSTD തീയതി,തിരുവനന്തപുരം, 14-08-2024

പരാമർശം:-

1. 14/12/2019-ലെ സ ഉ (സാധാ )നം1376/2019 /പ.ജ.പ.വ.വി.വ.
2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 24.09.2022, 06.03.2023 എന്നീ തീയതികളിലെ എസ്.സി.ഡി.ഡി/ 5130/ 2022-പി1 (പി.എൽ) നമ്പർ കത്തുകൾ.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ അരീക്കോട് ബ്ലോക്കിൽ പുൽപ്പറ്റ കണ്ണിപറമ്പ് കോളനി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി പരാമർശം (1) പ്രകാരം 39 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത തുക നിർവഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിക്ക് 27. 08.2020 ന് ഡെപ്പോസിറ്റ് ചെയ്തിരുന്നു എങ്കിലും പദ്ധതി പ്രദേശത്ത് കിണർ നിർമ്മിക്കുമ്പോൾ ചില പ്രദേശവാസികൾക്ക് സ്വന്തം കിണറുകളിൽ വെള്ളം കുറയുമെന്ന ആശങ്കയിൽ തർക്കങ്ങൾ ഉണ്ടായത് മൂലം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കാലതാമസം നേരിടുകയുണ്ടായി. നിലവിൽ അംഗീകാരം നൽകിയിട്ടുള്ള എസ്റ്റിമേറ്റ് 2016-ലെ DSR പ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത നിരക്കിൽ നിന്നും നിലവിൽ 30 ശതമാനത്തോളം നിരക്ക് വർദ്ധന ഉണ്ടായതിനായിൽ 2018 ലെ DSR പ്രകാരമുള്ള 58ലക്ഷം രൂപയാണ് ടി പദ്ധതി നിർവഹണത്തിന് ആവശ്യമായി വരുന്നത് എന്നും അധികമായി ആവശ്യമായി വരുന്ന 19,00,000/- രൂപ കൂടി അനുവദിക്കുന്നതിനായി ലഭ്യമാക്കിയിട്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കണം എന്നും പരാമർശം (2)ലെ 24-09-2022ലെ കത്ത് പ്രകാരം വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ അരീക്കോട് ബ്ലോക്കിൽ പുൽപ്പറ്റ കണ്ണിപറമ്പ് കോളനി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി വകുപ്പ് ഡയറക്ടർ പരാമർശം(2)ലെ 24-09-2022ലെ കത്ത് പ്രകാരം സമർപ്പിച്ചിട്ടുള്ള 58 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന്, Power extension,Road restoration തുടങ്ങിയ LS ഇനങ്ങളുടെ വിശദമായ എസ്റ്റിമേറ്റ് സാങ്കേതിക അനുമതി നൽകുന്ന അധികാരി ഉറപ്പുവരുത്തണം എന്ന വ്യവസ്ഥയിൽഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി.അനിൽകുമാർ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്( ww-www3/149/2023-FIN dated:14-02-2024)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Shameem Muhammed B M
Date: 14-08-2024 13:23:07
സെക്ഷൻ ഓഫീസർ